# കണ്ണൂർ സർവകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

DOA/A2/2526/ADMISSION/2025
03.06.2025

**<u>കണ്ണൂർ സർവ്വകലാശാല – അഫിലിയേറ്റഡ് കോളേജുകളിലെ നാല് വർഷ ബിരുദ പ്രവേശനം, സർവകലാശാല പഠനവകുപ്പുകളിലെ അഞ്ച് വർഷ ഇന്റഗ്രേറ്റഡ് ബിരുദാന്തര ബിരുദ പ്രവേശനം 2025 – 26 – അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>**

2025 – 26 അധ്യയന വർഷത്തിലെ അഫിലിയേറ്റഡ് കോളേജുകളിലെ നാല് വർഷത്തെ ബിരുദ പ്രോഗ്രാമുകളിലേക്കും സർവകലാശാല പഠനവകുപ്പുകളിലെ അഞ്ച് വർഷ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിലേക്കും അപേക്ഷ 17.06.2025 വരെ ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്.

നാലു വർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥിക്ക് പഠനം പൂർത്തിയാക്കി പുറത്തിറങ്ങാൻ ചുവടെ കൊടുത്തിരിക്കുന്ന 3 ഓപ് ഷനുകൾ ലഭ്യമാണ്.

a). 3 വർഷത്തെ യു. ജി ബിരുദം (3–year UG Degree)
b). 4 വർഷത്തെ യു ജി ബിരുദം (ഓണേഴ്സ്) (4– year UG Degree (Honors)
c). 4 വർഷത്തെ യു ജി ബിരുദം (ഓണേഴ്സ് വിത്ത് റിസേർച്ച്(4–year UG Degree (Honors with Research))

a). മൂന്ന് വർഷ ബിരുദം ( 3–year UG Degree) – പ്രവേശനം നേടി മൂന്നാം വർഷം പുറത്തിറങ്ങാൻ ആഗ്രഹിക്കുന്ന വിദ്യാർഥിക്ക് തന്റെ മേജർ വിഷയങ്ങളുടേയും നേടിയ ക്രഡിറ്റിൻറേയും അടിസ്ഥാനത്തിൽ 3 വർഷ ബിരുദം (3–year UG Degree) ലഭിക്കുന്നതാണ്.

പ്രവേശനം നേടി നാലാം വർഷത്തിൽ വിദ്യാർഥിക്ക് രണ്ടു ഓപ് ഷനുകൾ ലഭ്യമാണ്.

b). നാലു വർഷ ബിരുദം (ഓണേഴ്സ് ) (4– year UG Degree (Honors): നാലു വർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് പ്രസ്തുത ഡിഗ്രി ലഭിക്കുന്നതാണ് . 4– year UG Degree (Honors) ബിരുദം ലഭിക്കുന്നവർക്ക് പി.ജി പൂർത്തിയാക്കാൻ ഒരു വർഷം പഠിച്ചാൽ മതിയാകും.

c). നാലു വർഷ ബിരുദം (ഓണേഴ്സ് വിത്ത് റിസേർച്ച് ):ഗവേഷണ മേഖലയിൽ താല്പര്യമുള്ള വിദ്യാർഥികൾക്ക് 4–year UG Degree (Honors with Research) തിരഞ്ഞെടുക്കാവുന്നതാണ്. വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് പ്രസ്തുത ഡിഗ്രി ലഭിക്കുന്നതാണ്.

രണ്ടാം സെമെസ്റ്ററിന്റെ അവസാനത്തിൽ(മൂന്നാം സെമെസ്റ്ററിലേക്ക് ) വിദ്യാർഥിക്ക് തന്റെ മേജർ പ്രോഗ്രാം മാറ്റുവാൻ അവസരം ലഭിക്കുന്നതാണ്. ഒന്നും രണ്ടും സെമെസ്റ്ററുകളിൽ പഠിച്ച Discipline–specific foundation courses/Multidisciplinary foundation courses ന്റെ അടിസ്ഥാനത്തിലും അതുപോലെ സീറ്റിന്റെ ലഭ്യതയ്ക്കും അനുസരിച്ചും തന്റെ മേജർ പ്രോഗ്രാം വിദ്യാർഥിക്ക് മാറ്റാവുന്നതാണ്.

അഞ്ച് വർഷ ഇൻറഗ്രേറ്റഡ് മാസ്റ്റേർസ് പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുന്നവർക്ക് ആവശ്യമെങ്കിൽ മൂന്ന് വർഷം പൂർത്തിയാകുമ്പോഴോ നാല് വർഷം പൂർത്തിയാകുമ്പോഴോ വിട്ടുതൽ ചെയ്യാവുന്നതാണ്. അങ്ങനെയുള്ളവർക്ക് അവർ നേടിയ ക്രഡിറ്റിൻറെ അടിസ്ഥാനത്തിൽ Degree, Degree(Hons.), Degree (Hons.with Research) എന്നിങ്ങനെയുള്ള ബിരുദങ്ങൾ ലഭിക്കുന്നതാണ്.

**സർവകലാശാലയുടെ ഏകജാലക പ്രവേശനവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു**

1. പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാവിവരങ്ങളും admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ അതാതു സമയങ്ങളിൽ ലഭ്യമാക്കുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രോസ്പെക്ടസ്സ് നിർബന്ധമായും വായിക്കേണ്ടതാണ്.

2. യു.ജി പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനായി ഒരു വിദ്യാർത്ഥിക്ക് 20 ഓപ് ഷൻ വരെ തിരഞ്ഞെടുക്കാം. കോളേജുകളും പ്രോഗ്രാമുകളും തെരഞ്ഞെടുക്കുമ്പോൾ മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ചേരാൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന പഠനവകുപ്പ്/കോളേജും പ്രോഗ്രാമും ഫസ്റ്റ് ഓപ് ഷൻ ആയി കൊടുക്കേണ്ടതാണ്. മറ്റ് ഓപ് ഷനുകളും ഇപ്രകാരം മുൻഗണന ക്രമത്തിൽ നൽകേണ്ടതാണ്. അലോട്ട്മെൻറിൽ ഒരു ഓപ് ഷൻ ലഭിച്ചാൽ തുടർന്ന് വരുന്ന അലോട്ട്മെൻറുകളിൽ ഈ ഓപ് ഷന് മുകളിൽ കൊടുത്തിരിക്കുന്ന ഓപ് ഷൻ മാത്രമേ പരിഗണിക്കുകയുള്ളൂ. താഴെയുള്ള ഓപ് ഷനുകൾ ഒരു കാരണവശാലും പരിഗണിക്കുകയില്ല. അതിനാൽ കോളേജുകളും പ്രോഗ്രാമുകളും ഏറ്റവും കൂടുതൽ ആവശ്യമുള്ളത് ഏറ്റവും ആദ്യം എന്ന ക്രമത്തിൽ തന്നെ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

3. വെയിറ്റേജ്/സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം പ്രവേശനസമയത്ത് രേഖകൾ ഹാജരാക്കിയാലും ആനുകൂല്യം ലഭിക്കുന്നതല്ല.

4. ഓപ് ഷൻ കൊടുത്ത കോളേജുകളിൽ അലോട്ട്മെൻറ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്ന് വരുന്ന അലോട് മെൻറിൽ പരിഗണിക്കുന്നതല്ല.

5. അലോട് മെൻറ് ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത തിയ്യതിക്കുള്ളിൽ സർവകലാശാല ഫീസ് (അഡ്മിഷൻ ഫീസ്) നിർബന്ധമായും അടക്കേണ്ടതാണ്. അല്ലാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതാണ്.

6. രജിസ്ട്രേഷൻ ഫീ, അഡ്മിഷൻ ഫീ എന്നിവ അടച്ച ചലാൻ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

7. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ഫീസ് അടച്ച ചലാൻ എന്നിവ കോളേജിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. ഇവ പ്രവേശനസമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

8. രണ്ടാമത്തെ  അലോട് മെന്റിന് ശേഷമാണ് അലോട് മെന്റ് മെമ്മോ വെബ് സൈറ്റിൽ നിന്നും ലഭിക്കുക. രണ്ടാമത്തെ  അലോട് മെന്റിന് ശേഷം മാത്രമേ കോളേജുകളിൽ പ്രവേശനം നേടേണ്ടതുള്ളൂ.

9. രണ്ടാമത്തെ  അലോട് മെന്റിന് ശേഷവും ഹയർ ഓപ് ഷൻസ് നിലനിർത്താൻ ആഗ്രഹിക്കുന്നവർ കോളേജുകളിൽ പ്രവേശനത്തിന് ഹാജരാകുകയും താത് കാലിക പ്രവേശനം നേടേണ്ടതുമാണ്. സർവകലാശാല അഡ്മിഷൻ ഫീസ് മാത്രമാണ് താത് കാലിക പ്രവേശനം നേടുന്നവർ ഒടുക്കേണ്ടത്. താത് കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മറ്റു ഫീസുകൾ വാങ്ങേണ്ടതില്ല.

10. അലോട് മെന്റ് ലഭിച്ച വിദ്യാർഥികൾ തങ്ങൾക്ക് ലഭിച്ച അലോട് മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ് ഷൻസ് റദ്ദ് ചെയ്യേണ്ടതും സ്ഥിരപ്രവേശനം നേടേണ്ടതുമാണ്.

11. ഹയർ ഓപ് ഷൻസ് നിലനിർത്തുന്ന പക്ഷം അടുത്ത അലോട് മെന്റിൽ അവ പരിഗണിക്കുന്നതും അലോട് മെന്റ് ലഭിക്കുന്നയാൾ നിർബന്ധമായും അത് സ്വീകരിക്കേണ്ടതുമാണ്.

12. അലോട് മെന്റ് ലഭിച്ചാൽ ലോവർ ഓപ് ഷൻസ് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

13. അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനായി ugdoa@kannuruniv.ac.in എന്ന ഇമെയിൽ ഐഡി യിലേക്ക് ഇമെയിൽ ചെയേണ്ടതാണ്. തെറ്റായി ഒടുക്കുന്ന ഫീസുകൾ ഒരു കാരണവശാലും തിരികെ അനുവദിക്കുന്നതല്ല

**അലോട് മെന്റ് പ്രോസസ്സ് താഴെപറയുന്ന പ്രക്രിയകൾ ഉൾപ്പെടുന്നതാണ്.**

I. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭം

II. ട്രയൽ അലോട് മെന്റ്.

III. ഓൺലൈൻ രജിസ്ട്രേഷൻ ക്ലോസിങ് (രജിസ്ട്രേഷൻ അവസാനിക്കുന്ന ദിവസം വരെ അപേക്ഷകർക്ക് അപേക്ഷയിൽ തിരുത്തലുകൾ വരുത്താവുന്നതാണ്. ഇതിനു ഫീസ് ഈടാക്കുന്നതല്ല. അതിനു ശേഷമുള്ള തിരുത്തലുകൾക്ക് ഫീ ഈടാക്കുന്നതാണ് )

IV. തിരുത്തലുകൾക്ക് സമയം.

V. ഒന്നാം അലോട് മെന്റ് : അപേക്ഷകർ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കുക. അലോട് മെന്റ് ലഭിച്ചവർ  നിശ്ചിത തിയ്യതിക്കുള്ളിൽ അഡ്മിഷൻ ഫീസ് ഒടുക്കുക. അഡ്മിഷൻ ഫീസ് ഒടുക്കാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതായിരിക്കും. അലോട് മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ് ഷൻസ് റദ്ദാക്കുക. ഹയർ ഓപ് ഷൻസ് നിലനിർത്തുന്നവരെ അടുത്ത അലോട് മെന്റിൽ ഹയർ ഓപ് ഷനുകളിലേക്ക് പരിഗണിക്കുന്നതാണ്. ഫീസ് അടച്ച ചലാൻ പ്രവേശന സമയത്ത് ഹാജരാക്കുന്നതിനായി സൂക്ഷിക്കുക.

VI. രണ്ടാം അലോട് മെന്റ് :  രണ്ടാം  അലോട് മെന്റിൽ ആദ്യമായി അലോട് മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് ഒടുക്കുക. അഡ്മിഷൻ ഫീസ് ഒടുക്കാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതായിരിക്കും. അലോട് മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ് ഷൻസ് റദ്ദാക്കുക. ഹയർ

ഓപ് ഷൻസ് നിലനിർത്തുന്നവരെ അടുത്ത അലോട് മെന്റിൽ ഹയർ ഓപ് ഷനുകളിലേക്ക് പരിഗണിക്കുന്നതാണ്. ഫീസ് അടച്ച ചലാൻ പ്രവേശന സമയത്ത് ഹാജരാക്കുന്നതിനായി സൂക്ഷിക്കുക.

VII. പ്രവേശനം : അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൌൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ നിർദ്ദേശിക്കുന്ന തിയ്യതികളിൽ താഴെ പറയുന്ന രേഖകളോടൊപ്പം അലോട് മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് വിദ്യാർത്ഥികൾ ഹാജരാകേണ്ടതാണ്. ഹയർ ഓപ് ഷനുകൾ നിലനിർത്തുന്നവർ സർവകലാശാല ഫീസ് മാത്രം അടച്ച് താത് കാലിക പ്രവേശനവും ഹയർ ഓപ് ഷനുകൾ നിലവിലില്ലാത്തവർ സ്ഥിര പ്രവേശനവും നേടേണ്ടതാണ്.

എ) ഓൺലൈൻ അപ്ലിക്കേഷൻറെ പ്രിൻറ് ഔട്ട്

ബി) രജിസ്ട്രേഷൻ ഫീ, സർവകലാശാല അഡ്മിഷൻ ഫീ എന്നിവ ഒടുക്കിയതിന്റെ ചലാൻ.

സി)യോഗ്യത പരീക്ഷയുടെ മാർക്ക് കാർഡുകളും സർട്ടിഫിക്കറ്റും

ഡി )അവസാനമായി പഠിച്ച സ്ഥാപനത്തിൽ നിന്നുമുള്ള ടി.സി

ഇ) കോഴ്സ് &കോണ്ടക്ട് സർട്ടിഫിക്കറ്റ്.

എഫ്) SC/ST അപേക്ഷകരാണെങ്കിൽ കമ്മ്യൂണിറ്റി/ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

ജി ) നോൺ-ക്രീമി ലയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗത്തിൽ പെടുന്നവരാണെങ്കിൽ)

എച്ച് ) EWS കാറ്റഗറി യാണെങ്കിൽ തെളിയിക്കുന്നതിനാവശ്യമായ, വില്ലേജ് ഓഫീസർ അനുവദിച്ച അന്ത്യോദയ അന്നയോജന/ ഇൻകം ആൻഡ് അസറ്റ്സ് സർട്ടിഫിക്കറ്റ്

ഐ) ഗ്രേസ് മാർക്കിന് അർഹതയുണ്ടെങ്കിൽ, തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

ജെ) അലോട്ട്മെന്റ് മെമ്മോ

കെ) റെക്കഗ്നിഷൻ സർട്ടിഫിക്കറ്റ് (ബോർഡ് ഓഫ് ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, കേരള VHSE,THSE,NIOS, Kerala Literacy Mission, CBSE, CISCE, തുല്യതാ പരീക്ഷ എന്നിവ ഒഴികെയുള്ള)

എൽ) നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ (അതാത് ജില്ലകളിലെ സർക്കാർ/ എയ്ഡഡ് കോളേജുകളിലെ പ്രവേശനത്തിന് 10 മാർക്ക് വെയിറ്റേജ്, അതാത് താലൂക്കിലെ അൺഎയ്ഡഡ് കോളേജുകളിലെ പ്രവേശനത്തിന് 10 മാർക്ക് എന്നിവ ക്ലെയിം ചെയ്യുന്നവർക്ക്, വയനാട് ജില്ലയിലെ ആർട് സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രവേശനത്തിന് 20 മാർക്ക് വെയിറ്റേജ് ക്ലെയിം ചെയ്യുന്ന വയനാട് ജില്ലക്കാരായ ST വിഭാഗത്തിന് )

എം) അപേക്ഷകളിൽ രേഖപ്പെടുത്തിയ മറ്റേതെങ്കിലും ക്ലെയിം തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ.

എൻ) OEC വിഭാഗത്തിൽ പെടുന്ന അപേക്ഷകരെ SC/ST വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതിന് കമ്മ്യൂണിറ്റി തെളിയിക്കുന്നതിനാവശ്യമായ രേഖ , നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നീവ ഹാജരാക്കേണ്ടതാണ്.

VIII. തുടർന്ന് അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിന് അവസരം നൽകുന്നതും അലോട് മെന്റ് ലഭിക്കാത്തവർക്ക് ഓപ് ഷനുകൾ പുനഃക്രമീകരിക്കുന്നതിനും അതുപോലെ ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും അവസരം നല്കുന്നതുമായിരിക്കും. ശേഷം മൂന്നാം അലോട് മെന്റിലേക്ക് നീങ്ങുന്നതുമായിരിക്കും. അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനായി 200/-രൂപ ഫീ അടച്ചതിനു ശേഷം ബന്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഇമെയിൽ

ചെയ്യേണ്ടതാണ് email id-ugdoa@kannuruniv.ac.in)

IX മൂന്നാം അലോട് മെന്റ്: ആദ്യമായി അലോട് മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് ഒടുക്കുക. അഡ്മിഷൻ ഫീസ് ഒടുക്കാത്തവർ അലോട് മെന്റിൽ നിന്നും പുറത്താവുന്നതായിരിക്കും. ഒന്ന്,രണ്ട്, അലോട് മെന്റുകളിൽ താത് കാലിക പ്രവേശനം നേടിയവർക്ക് മൂന്നാം അലോട് മെന്റിൽ ഹയർ ഓപ് ഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ചു വാങ്ങി പുതുതായി അലോട് മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്.
മൂന്നാം അലോട് മെന്റിനുശേഷം സ്ഥിരപ്രവേശനമാണ് നൽകേണ്ടത്. ഇതുവരെ താത് കാലിക പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളും ഹയർ ഓപ് ഷൻസ് ലഭിച്ചില്ലെങ്കിൽ മുഴുവൻ ഫീസുകളും അടച്ച് അതാത് കോളേജുകളിൽ സ്ഥിര പ്രവേശനം നേടേണ്ടതാണ്.

X. പെർമനെന്റ് അഡ്മിഷൻ ആയതിനാൽ മൂന്നാം അഡ്മിഷന് ശേഷം ടി.സി ആവശ്യപ്പെടുന്നവർക്ക് കോളേജ് ടി.സി അനുവദിക്കുന്നതാണ്..

XI. സ്ഥിര പ്രവേശനം നേടിയവർ ആവശ്യമില്ലെങ്കിൽ ഹയർ ഓപ് ഷൻ ക്യാൻസൽ ചെയ്യേണ്ടതാണ്.

XII. മൂന്നാം അല്ലോട് മെന്റിന് ശേഷം വരുന്ന ഒഴിവുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഗവ ./എയ്ഡഡ് കോളേജുകളിൽ നാലാം അലോട്ട്മെന്റ് നടത്തുന്നതാണ്.

XIII.SC/ST/PwBD വിഭാഗത്തിനുള്ള പ്രത്യേക അലോട്ട്മെന്റ്. തുടർന്ന് കോളേജ് പ്രവേശനവും നടത്തുന്നതാണ്.

XIV സ്പോട്ട് അഡ്മിഷൻ :
ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിലെ സ്പോട്ട് അഡ്മിഷൻ (എസ്.സി/ എസ്.ടി ഉൾപ്പടെ) നടത്തിയതിനു ശേഷം ഗവ: കോസ്റ്റ് ഷെയറിങ് ഇന് സ്റ്റിട്യൂഷൻസ് / സെൽഫ് ഫിനാൻസിങ് കോളേജുകളിലെ ഒഴിവുള്ള സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ (എസ്.സി / എസ്.ടി ഉൾപ്പടെ) നടത്തുന്നതാണ്.

i) വിവിധ കാരണങ്ങളാൽ അലോട് മെന്റിൽ നിന്നും പുറത്തായവർക്കും, പ്രവേശനം ഇതുവരെ ലഭിച്ചവർക്കും ലഭിക്കാത്തവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും സ്പോട്ട് അഡ്മിഷന് പരിഗണിക്കണമെന്ന അപേക്ഷയുമാണ് കോളേജുകളിൽ നൽകേണ്ടത്. പ്രവേശനം നിലവിൽ ലഭിച്ച അപേക്ഷകർ മറ്റു കോളേജുകളിൽ ചേരുന്നതിന് ടി.സി വാങ്ങുന്നതിന് മുമ്പ് പ്രവേശനത്തിന് ഹാജരായി പ്രവേശനം ലഭിക്കുമെന്ന് ഉറപ്പു വരുത്തിയിരിക്കണം.

ii) സ്പോട്ട് അഡ്മിഷനിൽ ജനറൽ വിഭാഗത്തിൽ വരുന്ന ഒഴിവുകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമ്പോൾ മെരിറ്റിനെ ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ജനറൽ വിഭാഗത്തിൽ വരുന്ന ഒഴിവിലേക്ക് പരിഗണിക്കുന്ന കുട്ടിക്ക് ഇതര വിഭാഗങ്ങളിൽ പ്രവേശനം ലഭിച്ച കുട്ടികളെക്കാൾ ഇൻഡക്സ് മാർക്ക് കുറവാണെങ്കിൽ ഇതരവിഭാഗത്തിലുള്ള വിദ്യർത്ഥികളെ മെറിറ്റിൻറെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിലേക്ക് പ്രൊമോട്ട് ചെയ്യുന്നതാണ്. തുടർന്ന് ഇതര വിഭാഗങ്ങളിൽ വരുന്ന ഒഴിവുകൾ നികത്തുന്നത്

പരിഗണിക്കുന്നതാണ്.

XV. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം അവസാനിച്ചതിന് ശേഷം അപേക്ഷയിൽ നടത്തുന്ന എല്ലാവിധ തിരുത്തലുകൾക്കും 200/- രൂപ ഫീസ് ഒടുക്കേണ്ടതാണ്.

XVI. സ്പോർട് സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മന്റ് ക്വാട്ട എന്നിവയിലെ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷയുടെ പകർപ്പും ആവശ്യമായ രേഖകളും അതാത് കോളേജുകളിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. സ്പോർട് സ് ക്വാട്ടയിലേക്കുള്ള അഡ്മിഷൻ കോളേജ് നേരിട്ടു നടത്തുന്നതാണ്.

XVII. രണ്ടാമത്തെ അലോട് മെന്റിനും തുടർന്നുള്ള പ്രവേശനത്തിനും ശേഷമാണ് കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് അനുവദിക്കുക.

XVIII. മാനേജ്മെന്റ് ക്വാട്ട, രജിസ്ട്രേഷൻ ലിങ്ക് അഡ്മിഷന് നിശ്ചയിച്ചിട്ടുള്ള അവസാന തിയ്യതി വരെ നിലനിർത്തുന്നതായിരിക്കും.

XIX മേൽ പറഞ്ഞിട്ടുള്ള എല്ലാ നടപടിക്രമങ്ങളിലും സാഹചര്യങ്ങൾക്ക് അനുസരിച്ച് സർവകലാശാല മാറ്റം വരുത്തിയേക്കാം. നടപടിക്രമങ്ങളിലെ മാറ്റം പത്രക്കുറിപ്പുകൾ /സർവകലാശാല വെബ്സൈറ്റ്/ കോളേജുകളിലേക്കുള്ള സർക്കുലർ എന്നിവ വഴി അറിയിക്കുന്നതായിരിക്കും.

Dr. Sunil Kumar R K
Director Directorate of admission